# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 14.06.2013 - ലെ |
| ചോദ്യം നമ്പർ : 1463 | മറുപടിക്ക് |

### നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഉപയോഗം

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; | എ. വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫ്യൂറാൻ, ഫോറേറ്റ്, മിതൈൽ പാരത്തയോൺ, മോണോക്രോട്ടോഫോസ്, മിതയിൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനീശിനികളായ ട്രയാസോഫോസ്, പ്രോഫനോഫോസ് എന്നിവയും കുമിൾ നാശിനികളായ എഡിഫൻഫോസ്, ട്രൈസൈക്ളാസോൾ, ഓക്സിതയോക്യനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നിവയാണ് സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ. |
| ബി പ്രസ്തുത കീടനാശിനികൾ തമിഴ് നാട്ടിൽ നിന്നും കേരളത്തിൽ എത്തിച്ച് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി. ഇല്ല. |
| സി നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് കൃഷി വകുപ്പ് കൈക്കൊണ്ട് വരുന്ന നടപടികൾ വിശദമാക്കാമോ? | സി. സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്സ്.)നം.22/2011/കൃഷി തീയതി 17/01/2011 പുറപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പന ശാലകളിൽ നിന്നും കീടനാശിനികൾ നല്കാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിരോധിക്കപ്പെട്ട കീടനാശിനികളുടെ വിതരണവും ഉപയോഗവും തടയുന്നതിനായി ഒരു ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രിൻസിപ്പൽ കൃഷി |

ഓഫീസർ, ഡപ്യൂട്ടി ഡയറക്ടർ(ഇ&റ്റി) അസി. ഡയറക്ടർ (ക്യൂ.സി) എന്നിവർ അംഗങ്ങളാണ്. പ്രതിമാസ പരിശോധനകൾ ഡിപ്പോകളിലും അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ.സി.)മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**